(എ) ഇടുക്കി ജില്ലയിൽ എൽ.പി., യു.പി. അദ്ധ്യാപക തസ്തികയിലേക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ നിലവിൽവന്ന റാങ്ക് ലിസ്റ്റിൽ നിന്ന് ബി.എഡ്. യോഗ്യതയുള്ളവരെ ഒഴിവാക്കിയ പി.എസ്.സി.യുടെ നടപടി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എൽ.പി. സ്കൂൾ അദ്ധ്യാപക നിയമനത്തിന് മാത്രം ബി. എഡ്.-കാരെ ഒഴിവാക്കും എന്ന ഗവണ്മെന്റ് ഉത്തരവിന് വിരുദ്ധമായ ഈ നടപടി തിരുത്തി മറ്റൊരു റാങ്ക് ലിസ്റ്റ് പുറപ്പെടുവിക്കാൻ പി.എസ്.സി. ക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

50 (1594) കഴക്കൂട്ടം സൈനിക സ്കൂൾ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം സൈനിക സ്കൂൾ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള ചുമതല സംസ്ഥാന പൊതുമരാമത്ത് വകുപ്പിനാണോ എന്ന് വ്യക്തമാക്കുമോ;

(ബി) എന്നാണ് സ്കൂൾ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ അവസാനമായി ചെയ്തത് എന്ന് വെളിപ്പെടുത്തുമോ;

(സി) സൈനിക സ്കൂൾ കെട്ടിടത്തിന്റെ ചില ഭാഗങ്ങൾ സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം ജീർണ്ണാവസ്ഥയിലാണെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ അടിയന്തിരമായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വാർഷിക അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള ചുമതല പൊതുമരാമത്ത് വകുപ്പിനാണ്.

(ബി) 1996-97-ൽ.

(സി) ജീർണ്ണാവസ്ഥയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില ഭാഗങ്ങളിൽ തുടർച്ചയായ മഴ കാരണം ചോർച്ചയുള്ളതായറിയാം.

(ഡി) 1998-99 ലേയ്ക്കുള്ള വാർഷിക അറ്റകുറ്റപ്പണികൾ ചെയ്യുവാനുള്ള കരാർ കൊടുത്തിട്ടുണ്ട്. എത്രയും വേഗം പണി പൂർത്തീകരിക്കുന്നതാണ്.

51 (1595) സ്കൂൾ കെട്ടിടം സംരക്ഷിക്കാൻ നടപടി

ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ കഴുവന്നൂർ പഞ്ചായത്തിൽ ഐരാപുരം സെന്റ് തോമസ് എൽ.പി. സ്കൂൾ ഇപ്പോൾ പ്രവർത്തനം ഇല്ലാതെ കിടക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂൾ കെട്ടിടം ഇടിഞ്ഞു പൊളിഞ്ഞു നശിച്ചുകൊണ്ടിരിക്കുന്നത് പരിരക്ഷിക്കുവാനുള്ള നടപടിയും ആയതിന് ആവശ്യമായ തുകയും അനുവദിക്കുമോ;

(സി) ഈ സ്കൂൾ കെട്ടിടവും സ്ഥലവും അന്യാധീനപ്പെട്ടു പോകാതെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്കൂൾ കെട്ടിടം ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതിനാൽ കെട്ടിടം പരിരക്ഷിക്കുന്നതിനായി തുക അനുവദിക്കേണ്ട ആവശ്യമില്ല.

(സി) സ്കൂൾ സ്ഥലം അന്യാധീനപ്പെട്ടു പോകാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

52 (1596) പരീക്ഷാഫലം തടഞ്ഞുവച്ച നടപടി

ശ്രീ. സി.ടി. അഹമ്മദ് അലി :

ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 മാർച്ചിൽ നടത്തിയ എസ്.എസ്.എൽ.സി. പൊതു പരീക്ഷയിൽ ഏതെല്ലാം വിദ്യാലയങ്ങളിലെ ഫലങ്ങളാണ് തടഞ്ഞുവച്ചിട്ടുള്ളതെന്നും ആകെ എത്ര വിദ്യാർത്ഥികളുടെ ഫലങ്ങളാണ് അതിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) തടഞ്ഞുവച്ച പരീക്ഷാഫലങ്ങളിൽ ഏതെങ്കിലും സ്കൂളുകളുടെ ഫലങ്ങൾ പിന്നീട് പ്രസിദ്ധീകരിക്കുകയുണ്ടായോ; എങ്കിൽ ഏതെല്ലാം;

(സി) എസ്.എസ്.എൽ.സി. പരീക്ഷാഫലം തടഞ്ഞുവയ്ക്കാനും പിന്നീട് പ്രസിദ്ധീകരിക്കാനും സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) കണ്ണൂർ ജില്ലയിലെ മൊകേരി രാജീവ്ഗാന്ധി മെമ്മോറിയൽ ഹൈസ്കൂളിലെ 16 വിദ്യാർത്ഥികളുടെ എസ്.എസ്.എൽ.സി. പരീക്ഷാഫലം തടഞ്ഞുവച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത ഫലം തടഞ്ഞു വയ്ക്കാനുണ്ടായ കാരണം എന്താണ്;

(എഫ്) തടഞ്ഞുവച്ച പരീക്ഷാഫലം പിന്നീട് പ്രസിദ്ധീകരിക്കാൻ ഇടയായ കാരണങ്ങൾ എന്തെല്ലാം?

LIBRARY ARCHIVES Kerala Legislative Assembly